**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6138** **17-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ കീഴിൽ തിരൂർ നിയോജകമണ്ഡലത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിൽ തിരൂർ നിയോജകമണ്ഡലത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് തിരൂർ നിയോജക മണ്ഡലത്തിൽ 770 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 55.16 കോടിയുടെ നിക്ഷേപവും 1850 തൊഴിലവസരങ്ങളുമുണ്ടായി. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള പി.എം.എഫ്.എം.ഇ. പദ്ധതി, മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് എന്നീ പദ്ധതികൾ വഴി 27 സംരംഭകർക്കായി 52.16 ലക്ഷം രൂപ സബ്സിഡിയും, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവയുടെ പദ്ധതികളിലായി 7.25 ലക്ഷം രൂപ സബ്സിഡിയും നൽകിയിട്ടുണ്ട്. വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകി വരുന്നുണ്ട്. ഇതിനായുള്ള കൈത്താങ്ങ് സഹായങ്ങൾ നൽകുന്നതിനായി വ്യവസായ വികസന ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും മുൻസിപ്പാലിറ്റികളിലും ലഭ്യമാണ്. കൂടാതെ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ മേൽ നോട്ടത്തിൽ വ്യവസായ വകുപ്പിന്റെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ച് വരുന്നു. ഇതോടൊപ്പം സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും സംരംഭകത്വവികസന പരിപാടികൾ നടന്നു വരുന്നു. സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും റിസോഴ്സ് പേഴ്സൺസിനെ നിയമിക്കുകയും താലൂക്കുകൾ ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തിരൂരിലെ പ്രസിദ്ധമായ തിരൂർ വെറ്റില, താമര എന്നീ കാർഷിക വിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ വിപണനത്തിനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | തിരൂർ വെറ്റില ഭൗമസൂചിക (GI) പദവി ലഭിച്ചിട്ടുള്ള ഉത്പന്നമാണ്. ഇത്തരം ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് https://www.gikerala.in എന്ന പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഭൗമസൂചിക പദവി ലഭിച്ചിട്ടുള്ള ഉല്പന്നങ്ങൾക്കായി 2023 ജനുവരി 11-ന് ജി.ഐ കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത കോൺക്ലേവിൽ തിരൂർ വെറ്റില ഉത്പാദകർ പങ്കെടുക്കുകയും വെറ്റിലയും ഉത്പന്നങ്ങളും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് വിവിധ പ്രദർശന വിപണന മേളകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. തിരൂർ വെറ്റില, താമര മുതലായവ ഉത്പാദനം ചെയ്യുന്നവർക്ക് ഈ മേളകൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഇത് കൂടാതെ ദേശീയ അന്തർദേശീയ പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിന് നൽകുന്ന സഹായവും പ്രസ്തുത ഉത്പന്നങ്ങളുടെ ഉത്പാദകർക്ക് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ